മാനദണ്ഡങ്ങളെക്കുറിച്ചും വിശദമാക്കുന്ന ബോർഡുകൾ റവന്യൂ ഓഫീസുകളിൽ സത്വരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, റവന്യൂ, സർവ്വേ, ഭൂരേഖ തുടങ്ങിയ വകുപ്പുകളിൽ സേവനാവകാശ നിയമം സംബന്ധിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിനു കീഴിലെ 24 സേവനങ്ങളും സർവ്വേ വകുപ്പിന് കീഴിലെ 12 സേവനങ്ങളും സേവനാവകാശത്തിന്റെ പരിധിയിൽ വരുന്നവയാണ്. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം മൂന്നാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് റവന്യൂ വകുപ്പിൽനിന്ന് ലഭിക്കുന്ന സേവനങ്ങൾ എന്താണെന്നും അത്തരം സേവനങ്ങൾ സംബന്ധിച്ച് നിയുക്ത ഉദ്യോഗസ്ഥർ നിശ്ചിത സമയപരിധി, അപ്പീൽ അധികാരികൾ എന്നിവയും വ്യക്തമാക്കിക്കൊണ്ടാണ് മേൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതുപോലെ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള നോട്ടീസ് ബോർഡുകൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നതിന് എല്ലാ ഓഫീസുകൾക്കും പ്രത്യേകം നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. സേവനങ്ങൾ നൽകേണ്ട അപേക്ഷയോടൊപ്പം ചേർക്കേണ്ട അനുബന്ധ രേഖകളും മേൽ ചട്ടപ്രകാരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സേവനാവകാശ നിയമം സംബന്ധിച്ച് പുരോഗതി റിപ്പോർട്ട് എല്ലാ മാസവും സർക്കാരിലേക്ക് നൽകുന്നതിനും സേവനാവകാശ നിയമം കർശനമായി പാലിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പിനു കീഴിലെ എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തെക്കുറിച്ചും പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ചും ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തരം ഇപ്പോൾ പരിശീലനം നൽകിവരുന്നുണ്ട്.

10. ഷാപ്പുകൾ അടപ്പിക്കുന്ന നടപടി

ശ്രീ. കെ. കെ. നാരായണൻ : സർ, കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകളിൽ എക്സൈസുകാർ വ്യാപകമായി പരിശോധന നടത്തുകയും കള്ളിൽ സ്റ്റാർച്ചുണ്ടെന്ന് കണ്ടെത്തിയ കള്ളുഷാപ്പുകൾ ഉടനെ അടച്ചുപൂട്ടുകയുമാണ്. ഇതിന്റെ ഫലമായി നൂറുകണക്കിന് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചിലയിനം തെങ്ങുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന കള്ളിന് സ്വാഭാവികമായി സ്റ്റാർച്ചുണ്ടാകുമെന്നും അത് മായം ചേർത്തതിന്റെ ഭാഗമായിട്ടല്ലെന്നുമാണ് തൊഴിലാളികളും ഷാപ്പുടമകളും അവകാശപ്പെടുന്നത്. അതുകൊണ്ട് തൊഴിലാളികളെ പട്ടിണിക്കിടുന്ന ഈ പരിപാടി അനുവദിക്കാൻ പാടില്ല. ഷാപ്പ് പരിശോധിക്കേണ്ടതില്ലെന്നല്ല ഞാൻ പറയുന്നത്. അതു പരിശോധിച്ചോട്ടെ. പക്ഷേ, ഷാപ്പ് അടച്ചുപൂട്ടി തൊഴിലാളികളെ പട്ടിണിക്കിടുന്ന അവസ്ഥ അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടുന്നതിന് മനഃപൂർവ്വമായി ഗവൺമെന്റ് യാതൊന്നും ചെയ്തിട്ടില്ല. 2013-14 വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾക്കെതിരെ ആകെ രജിസ്റ്റർ ചെയ്ത 16 അബ്കാരി കേസുകളിൽ 15 എണ്ണവും കള്ളിൽ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തിയതിനെത്തുടർന്നാണ് ലൈസൻസ് റദ്ദു ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചത്. പ്രകൃതിദത്തമായ കള്ളിൽ സ്റ്റാർച്ചിന്റെ അംശം ഉണ്ടാകില്ലെന്ന ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കള്ളിൽ സ്റ്റാർച്ച് കൃത്രിമമായി ചേർക്കുന്ന ഒരു അന്യ പദാർത്ഥമായി കണക്കാക്കുന്നത്. സർക്കാരിന്റെ 14-2-2007-ലെ ഉത്തരവനുസരിച്ച് കള്ളിൽ അടങ്ങിയിട്ടുള്ള ഒരു അന്യ പദാർത്ഥമായി സ്റ്റാർച്ചിനെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കള്ളിന്റെ സാമ്പിളുകളുടെ രാസപരിശോധനാ ഫലത്തിൽ പലതവണ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തുകയാണെങ്കിൽ, കള്ളുഷാപ്പ് ഉൾപ്പെടുന്ന ഗ്രൂപ്പിലെ മുഴുവൻ കള്ളുഷാപ്പുകളുടെ ലൈസൻസും റദ്ദ് ചെയ്യുക എന്നതും ലൈസൻസിക്കെതിരെ അബ്കാരി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുക എന്നുള്ളതും അബ്കാരി നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടെയും പരിപാലനത്തിനായി ശുദ്ധമായ കള്ള് മാത്രമേ കള്ളുഷാപ്പുകളിൽ വില്ക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിന് അനിവാര്യമാണ്. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുകയെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ നയം. ചിലയിടങ്ങളിൽ മാരകമായ ക്ലോറിൻ ഹൈഡ്രേറ്റ് പോലുള്ള രാസവസ്തുക്കളും മറ്റും മിക്സ് ചെയ്തതായി കണ്ടുവരുന്നുണ്ട്. കെമിക്കൽ ലാബിലെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിൽ എത്തിച്ചേർന്നത്. മനഃപൂർവ്വമായി കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടുന്നതിന് ഗവൺമെന്റ് പ്രത്യേകമായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് കെമിക്കൽ ലാബിലെയും മറ്റും പരിശോധനയുടെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്. പൊതുവെ കള്ളുവ്യവസായത്തെ സംരക്ഷിക്കുകയെന്നുള്ളതാണ് ഗവൺമെന്റ് നയം. ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly